**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **12-09-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആശ്വാസകിരണം പദ്ധതി മുഖേനയുള്ള ധനസഹായം മുടങ്ങിയിട്ട് എത്രമാസമായെന്നും പ്രസ്തുത ഇനത്തിൽ നൽകാനുള്ള കുടിശിക തുക എത്രയാണെന്നും അറിയിക്കാമോ? | (എ) | ആശ്വാസകിരണം പദ്ധതി മുഖേനയുള്ള ധനസഹായം മുടങ്ങിയിട്ടില്ല.<br><br>2022-2023 സാമ്പത്തിക വർഷത്തിൽ ആശ്വാസ കിരണം പദ്ധതിക്കായി അനുവദിച്ച 25 കോടി രൂപയിൽ 24,21,09,045/- രൂപ ചെലവഴിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 38104 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം ഒഴികെയുള്ള ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 11 മാസത്തെയും കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 10 മാസത്തേയും ധനസഹായമാണ് ഇത്തരത്തിൽ അനുവദിച്ചത്.<br><br>നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ നിന്നും ലഭ്യമായ 15 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ